ഹാരിസൺ മലയാളം കമ്പനിയുടെ ഭൂമി കയ്യേറ്റം

6(*396) ശ്രീ. ഇ. പി. ജയരാജൻ :

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :

ശ്രീ. കെ. കെ. ജയചന്ദ്രൻ :

ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാരിസൺ മലയാളം കമ്പനിക്ക് വ്യാജരേഖ ചമച്ച് സർക്കാർ ഭൂമി കൈവശപ്പെടുത്തുന്നതിന് റവന്യൂ ഉദ്യോഗസ്ഥർ സഹായം നൽകിയത് സംബന്ധിച്ച റിപ്പോർട്ട് റവന്യൂ വകുപ്പിന് ലഭിച്ചിരുന്നുവോ; വിശദാംശം നല്കാമോ;

(ബി) ഇതിൽ കുറ്റാരോപിതരായ ഉദ്യോഗസ്ഥർ ആരെല്ലാമായിരുന്നു; ഇവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) കുറ്റാരോപിതരായ ഉദ്യോഗസ്ഥർ നിലവിൽ സേവനമനുഷ്ഠിക്കുന്നുണ്ടോ; എങ്കിൽ ആരെല്ലാം ഏതൊക്കെ തസ്തികകളിലാണെന്ന് അറിയിക്കാമോ;

(ഡി) ഇത്തരം ഉദ്യോഗസ്ഥരെ മാതൃകാപരമായി ശിക്ഷിക്കുന്നതിനും ഹാരിസൺ കമ്പനിയുടെ കൈവശമുള്ള സർക്കാർ ഭൂമി തിരിച്ചു പിടിക്കുന്നതിനും സത്വര നടപടി സ്വീകരിക്കുമോ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ,

(എ&ബി) റവന്യൂ വകുപ്പിലെ ചില മുൻ ഉദ്യോഗസ്ഥരുടെ സഹായം ലഭിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ സാക്ഷ്യപ്പെടുത്തിയ രേഖകൾ അല്ലാത്തതിനാൽ അവ തയ്യാറാക്കിയത് ആരെന്നോ, എപ്പോഴെന്നോ അറിയുന്നതിന് നിവൃത്തിയില്ല. വിജിലൻസ്&ആന്റി കറപ്ഷൻ ബ്യൂറോയുടെ റിപ്പോർട്ടിൻ പ്രകാരം സബ് രജിസ്ട്രാർമാരായ ശ്രീമതി റ്റി. ജെ. മറിയാമ്മ, ശ്രീ. പി. എസ്. ശ്രീകുമാർ, ശ്രീ. വിജയകുമാർ, ശ്രീ. ഗോപിനാഥൻ നായർ എന്നിവർക്കെതിരെ വിജിലൻസ് കേസ് ഫയൽ ചെയ്ത് അന്വേഷണം നടത്തി വരുന്നു.

(സി) ശ്രീ. വിജയകുമാർ കൊല്ലം ഡിസ്ട്രിക്ട് രജിസ്ട്രാർ (ജനറൽ) ആയി സേവനം അനുഷ്ഠിക്കുന്നുണ്ട്. ബാക്കി മൂന്നുപേരും സർവീസിൽനിന്ന് വിരമിച്ചവരാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കുറ്റാരോപിതരായ ഉദ്യോഗസ്ഥർക്കെതരെ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആദ്യഘട്ടമായി ഹാരിസൺ മലയാളം ലിമിറ്റഡ് കമ്പനിയുടെ കൈവശമുള്ള കൊല്ലം, കോട്ടയം, പത്തനംതിട്ട, ഇടുക്കി എന്നീ ജില്ലകളിലുള്ള 29185 ഏക്കർ ഭൂമി ഏറ്റെടുത്തുകൊണ്ട് സ്പെഷ്യൽ ഓഫീസർ നടപടിക്രമം പുറപ്പെടുവിച്ചിട്ടുണ്ട്. ഭൂമി ഒഴിഞ്ഞു തരുന്നതിലേക്കായി ഒരു മാസത്തെ സമയം ബഹു. ഹൈക്കോടതി നിർദ്ദേശിച്ച പ്രകാരം അനുവദിച്ചിട്ടുണ്ട്. WP(C) 33122/2014 ആയി ഹാരിസൺ മലയാളം ലിമിറ്റഡ് ഫയൽ ചെയ്ത കേസിലെ ബഹു. ഹൈക്കോടതിയുടെ ഇടക്കാല വിധിന്യായത്തിൽ സർക്കാരിലേക്ക് ഏറ്റെടുത്തുകൊണ്ട് ഉത്തരവായ 29185 ഏക്കർ ഭൂമിയുടെ തൽസ്ഥിതി 20-1-2015 വരെ തുടരാൻ നിർദ്ദേശിച്ചിട്ടുണ്ട്.

സമഗ്ര ദുരിത നിവാരണ ഇൻഷ്വറൻസ് പദ്ധതി

7(*397) ശ്രീ. പാലോട് രവി :
ശ്രീ. വർക്കല കഹാർ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. ആർ . സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമഗ്ര ദുരിത നിവാരണ ഇൻഷ്വറൻസ് പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) പദ്ധതിക്കുള്ള ധനസമാഹരണം എങ്ങനെ നടത്താനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ,

(എ&ബി) വിവിധ ദുരിതങ്ങൾക്ക് പ്രത്യേകം പ്രത്യേകം ഇൻഷ്വറൻസ് പരിരക്ഷ കൊടുക്കുന്നതിനു പകരം ഒരൊറ്റ പ്രീമിയത്തിലൂടെ എല്ലാ ദുരിതങ്ങൾക്കും സമഗ്രമായ ഇൻഷ്വറൻസ് പരിരക്ഷ കൊടുക്കുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശലക്ഷ്യം. തീരദേശ മലയോര ദുരിത സാധ്യതാ പ്രദേശങ്ങളിൽ താമസിക്കുന്നവർക്കായി സമഗ്ര ദുരന്ത ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നതിന് രൂപരേഖ തയ്യാറാക്കുവാൻ ഐ.എൽ.ഡി.എം.-ലെ ഡിസാസ്റ്റർ മാനേജ്മെന്റ് സെന്റർ തലവനെ സർക്കാർ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ കരട് രൂപരേഖ ലഭ്യമാക്കിയിട്ടുണ്ട്. പ്രകൃതി ദുരന്തത്തിനും അതുപോലെ തന്നെ മനുഷ്യ പ്രേരിത ദുരന്തത്തിനും ഇരയാകുന്നവർക്കും കുടുംബങ്ങൾക്കും കൂടുതൽ പരിരക്ഷ ലഭിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ കരട് പദ്ധതി രേഖയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പദ്ധതിയുടെ വിശദാംശങ്ങളെക്കുറിച്ചും സാമ്പത്തിക ഉറവിടത്തെക്കുറിച്ചും വിവിധ തലങ്ങളിൽ ചർച്ച ചെയ്ത് തീരുമാനിക്കേണ്ടതുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly